**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **05-12-2022 - ൽ മറുപടിയ്ക്ക്**

**അനധികൃത ബി.പി.എൽ. കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. കാർഡുകൾ അനധികൃതമായി നിലനിർത്തിയിരിക്കുന്ന കുടുംബങ്ങളിൽ നിന്നും പിഴ ഈടാക്കുന്ന നടപടി പ്രകാരം പരിശോധന നടത്തി പിഴ തുക നിശ്ചയിക്കുന്ന നടപടികളിൽ പോരായ്മ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. അനർഹർക്ക് സ്വമേധയാ കാർഡ് സറണ്ടർ ചെയ്യുന്നതിന് ഒരു വർഷക്കാലയളവ് അനുവദിച്ചിരുന്നു. |
| (ബി) | തുക നിർണ്ണയിക്കുന്നതിന് മാനദണ്ഡമാക്കുന്ന പരിശോധന ഘടകങ്ങൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (ബി) | മുൻഗണനാ മാനദണ്ഡങ്ങൾ സംബന്ധിച്ച 18/09/2017 ലെ സ.ഉ(സാധാ)നം.320/17/ ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമായി വരുന്ന കുടുംബങ്ങളാണ് മുൻഗണനയിൽ ഉൾപ്പെടാൻ അനർഹമായി വരുന്നത്. അതുപ്രകാരം 1000 sq. ft. നു മുകളിൽ വീടുള്ള കുടുംബങ്ങൾ മുൻഗണനയിൽ ഉൾപ്പെടാൻ അയോഗ്യരാണ്. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്ന് കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിലാണ് പിഴ ഈടാക്കുന്നത്. എന്നാൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലു ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റേയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സർക്കാർ / സന്നദ്ധ സംഘടനകൾ / ജീവകാരുണ്യ സ്ഥാപനങ്ങൾ എന്നിവരുടെ ധനസഹായത്താൽ വീട് നിർമ്മാണം പൂർത്തിയാക്കിയ നിർധനരായ | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | കുടുംബങ്ങളെ അവർ പാർക്കുന്ന വീടിന്റെ സ്ഥിതി മാത്രം പരിഗണിച്ച് ബി.പി.എൽ-ൽ നിന്നും ഒഴിവാക്കി പിഴ ചുമത്തുന്ന നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഡി) | ഇത്തരം പരാതികൾ പരിഹരിക്കുവാൻ കാര്യക്ഷമമായ ജനകീയ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ വ്യക്തമാക്കാമോ? | (ഡി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ